2025
NOVEMBER
18
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വിശാഖപട്ടണത്ത് ലുലു മാൾ; നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം

**വിശാഖപട്ടണം:** ആന്ധ്രപ്രദേശിലെ ലുലു ഗ്രൂപ്പിന്റെ പദ്ധതികൾക്ക് ഔദ്യോഗിക തുടക്കമായി. വിശാഖപട്ടണത്ത് ആരംഭിച്ച സി.ഐ.ഐ. പാർട്ട്ണർ സമ്മിറ്റിൽ വെച്ചാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി നടത്തിയത്. വിശാഖപട്ടണം ലുലുമാൾ, വിജയവാഡ മല്ലവല്ലി ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രം എന്നിവയ്ക്ക് പുറമെ റായലസീമയിൽ ലോജിസ്റ്റിക്സ്, കയറ്റുമതി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള ധാരണാ പത്രം മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവിന് കൈമാറി. സമ്മേളനം ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആന്ധ്രാപ്രദേശ് ഗവർണർ സൈദ് അബ്ദുൾ നസീർ, കേന്ദ്ര വാണിജ്യമന്ത്രി പീയുഷ് ഗോയൽ, കേന്ദ്ര മന്ത്രിമാരായ കെ. രാംമോഹൻ നായിഡു, ഡോ. പി. ചന്ദ്രശേഖർ, ബി. രാജു ആർ. ശ്രീനിവാസ വർമ, സംസ്ഥാന മന്ത്രിമാരായ എൻ. ലോകേഷ്, എൻ. മനോഹർ, ടി. ജി ഭരത്, ആന്ധ്ര പ്രദേശ് ചീഫ് സെക്രട്ടറി കെ. വിജയാനന്ദ്, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ. അഷ്റഫ് അലി തുടങ്ങിയവർ സംബന്ധിച്ചു.ആന്ധ്രപ്രദേശിലെ ഏറ്റവും വലിയ മാളുകളിലൊന്നാകും വിശാഖപട്ടണം ലുലുമാൾ. നിർമാണ പ്രവർത്തനം ഈ ആഴ്ച തന്നെ തുടങ്ങും. മൂന്ന് വർഷത്തിനകം മാൾ പ്രവർത്തനം ആരംഭിക്കുമെന്ന് യൂസഫലി പറഞ്ഞു. 5000 പേർക്ക് നേരിട്ടും 12,000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. ആന്ധ്രയിലെ കർഷകർക്ക് അടക്കം പിന്തുണ നൽകുന്ന വിജയവാഡ മല്ലവല്ലി ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രത്തിൽ നിന്നുള്ള മാംഗോ പൾപ്പ്, ഗുവ പൾപ്പ്,പ്രോസസ്സഡ് സ്പൈസസ് എന്നിവയുടെ ആദ്യ കയറ്റുമതി 2026 ജനുവരി ഒന്നിന് ഫ്ളാഗ് ഓഫ് ചെയ്യും. നിലവിൽ ആന്ധ്രയിൽ നിന്നുള്ള പഴം,പച്ചക്കറി ഉൽപന്നങ്ങൾ ജി.സി.സി, ഈജിപ്റ്റ് എന്നിവിടങ്ങളിലെ ഹൈപ്പർമാർക്കറ്റുകളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. ആന്ധ്രയിലെ കർഷക സംഘടനകളുമായി സഹകരിച്ചാണ് പദ്ധതി. കർഷകർക്ക് കൂടുതൽ പിന്തുണയേകുന്നതാണ് ഈ നീക്കം. കൂടാതെ റായലസീമയിൽ ലോജിസ്റ്റിക്സ്, എക്സ്പോർട്ട് സെന്ററിന്റെ നിർമാണം ആറ് മാസത്തിനകം തുടങ്ങും.



മികച്ച എക്സ്പീരിയൻസ് സെന്ററാണ് ലുലുമാളെന്നും സംസ്ഥാനത്തേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി വഴിവെയ്ക്കുമെന്നും മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു പറഞ്ഞു. സ്വിറ്റ്സർലൻഡിലെ ദാവോസിൽ യൂസഫലിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് പിന്നാലെ കൊച്ചി ലുലുമാളിൽ നേരിട്ടെത്തി ഇക്കാര്യങ്ങൾ താൻ തിരിച്ചറിഞ്ഞതാണെന്നും മുഖ്യമന്ത്രി നായിഡു കൂട്ടിച്ചേർത്തു. 2028 അവസാനത്തോടെ മാൾ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് താൻ നിർദ്ദേശിച്ചതെന്നും വിശാഖപട്ടണത്തേ ലുലു മാൾ ഒരു നവരത്നമാൾ ആയിരിക്കുമെന്നും ചന്ദ്രബാബു നായിഡു പ്രസംഗത്തിൽ പറഞ്ഞു. ഇന്ത്യയിലെ ലുലുവിന്റെ ഒമ്പതാമത്തെ മാളാകും വിശാഖപട്ടണത്തേത്. നവരത്നങ്ങളിൽ ഏറ്റവും നവീനരത്നം പോലെ ജനങ്ങൾക്കുള്ള മികച്ച ഇടമായിരിക്കണം വിശാഖപട്ടണം ലുലു മാളെന്ന് മുഖ്യമന്ത്രി നായിഡു യൂസഫലിയോട് പറഞ്ഞു. രണ്ടര വർഷം കൊണ്ട് മാളിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞാൽ നഗരത്തിന് മികച്ച നേട്ടമായിരിക്കുമെന്നും ഇതിനായി ശ്രമിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. റായൽസീമയിൽ മെഗാ എക്സ്പോർട്ട് ഹബ്ബായി ലുലു ലോജിസ്റ്റിക്സ് സംഭരണ കയറ്റുമതി കേന്ദ്രം മാറുമെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷ്യസംസ്കരണ രംഗത്ത് ലുലുവിന്റേത് പോലുള്ള കൂടുതൽ പദ്ധതികൾ വരണമെന്നും ഇത്തരം പദ്ധതികളിലൂടെ കർഷകർക്ക് മികച്ച പിന്തുണയാണ് ലഭിക്കുന്നതെന്നും മുഖ്യമന്ത്രി നായിഡു വ്യക്തമാക്കി. കൂടാതെ ഐ.ടി മേഖലയിലും അടിസ്ഥാന സൗകര്യ രംഗത്തും വൻ നിക്ഷേപങ്ങളാണ് നടത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# തദ്ദേശ തിരഞ്ഞെടുപ്പ്: എ ഐ പ്രചാരണങ്ങൾക്ക് കർശന നിരീക്ഷണം

**കൊച്ചി;** തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ഉപയോഗിച്ചുള്ള പ്രചാരണങ്ങൾക്ക് കർശന നിരീക്ഷണം ഏർപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. ആധുനിക സാങ്കേതിക വിദ്യകളിലൂടെ വ്യാജ ചിത്രങ്ങളും ശബ്ദ സന്ദേശങ്ങളും തെറ്റായ വിവരങ്ങളും നിർമ്മിക്കുന്നതും അവ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ ഉപയോഗിക്കുന്നതിനുമെതിരെ ശക്തമായ നടപടികളുണ്ടാവും. പ്രചാരണത്തിന്റെ വിശ്വാസ്യതയും മത്സരത്തിലെ തുല്യതയും ഉറപ്പാക്കുന്നതിന് സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും പ്രചാരണം നടത്തുന്നവരും ഇക്കാര്യം കൃത്യമായി ശ്രദ്ധിക്കണമെന്നും കമ്മീഷണർ പറഞ്ഞു.

തിരഞ്ഞെടുപ്പ് കാലത്ത് സാങ്കേതികവിദ്യകൾ ദുരുപയോഗം ചെയ്യപ്പെടുന്നതിനുള്ള സാധ്യത കൂടുതലാണ്. പ്രചാരണത്തിന് ഉപയോഗിക്കുന്ന ഡീപ് ഫേക്ക്, സിന്തറ്റിക് കണ്ടന്റ് എന്നിവ പൊതുജനാഭിപ്രായത്തെ തെറ്റിദ്ധരിപ്പിക്കാനും തിരഞ്ഞെടുപ്പ് പ്രക്രിയയെ ബാധിക്കാനും സാധ്യതയുള്ളതായി കമ്മീഷൻ വിലയിരുത്തി. ഇത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. സാങ്കേതികവിദ്യയുടെ ദുരുപയോഗമില്ലാതെ തിരഞ്ഞെടുപ്പ് നടത്തുന്നത് നീതിപൂർവ്വമാക്കാൻ എല്ലാവരും സഹകരിക്കണമെന്നും കമ്മീഷണർ ആവശ്യപ്പെട്ടു.

ഐ.ടി ആക്റ്റ് 2000, ഐടി (ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡ് ) റൂൾസ് 2021, ഭാരതീയ ന്യായ സംഹിത 2023, മാതൃകാ പെരുമാറ്റചട്ടം എന്നിവയിലുള്ള എല്ലാ വ്യവസ്ഥകളും ഇത്തരം ഉള്ളടക്കങ്ങളുടെ നിർമ്മാണത്തിലും പ്രചാരണത്തിലും കൃത്യമായി പാലിക്കണം. ഡീപ് ഫേക്ക് വീഡിയോ, ഓഡിയോ, തെറ്റായ വിവരങ്ങൾ, സ്ത്രീകളെ അപമാനിക്കുന്ന ഉള്ളടക്കം, കുട്ടികളെ പ്രചാരണത്തിനായി ഉപയോഗിക്കുന്നത്, മൃഗങ്ങളോടുള്ള ഹിംസ പ്രചരിപ്പിക്കുന്നത് എന്നിവ പൂർണ്ണമായും വിലക്കുന്നു.

പ്രചാരണത്തിനായി ഉപയോഗിക്കുന്ന എ.ഐ., അല്ലെങ്കിൽ ഡിജിറ്റലായി മാറ്റം വരുത്തിയ എല്ലാ ഉള്ളടക്കങ്ങളിലും AI Generated'/ 'Digitally Enhanced'/ 'Synthetic Contetn എന്നീ വ്യക്തമായ ലേബലുകൾ ഉൾപ്പെടുത്തണം. വീഡിയോയിൽ സ്ക്രീനിന് മുകളിലായും, ചിത്രങ്ങളിൽ കുറഞ്ഞത് 10 ശതമാനം ഡിസ്‌പ്ലേ ഭാഗത്തും, ഓഡിയോയിൽ ആദ്യ 10 ശതമാനം സമയദൈർഘ്യത്തിലും ലേബൽ വ്യക്തമായി ഉണ്ടാകണം. ഉള്ളടക്കം സൃഷ്ടിച്ച വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര് മെറ്റാഡാറ്റയിലും വിവരണത്തിലും വെളിപ്പെടുത്തണം.

ഒരാളുടെ രൂപം, ശബ്ദം, സ്വത്വം തുടങ്ങിയവ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മാറ്റിയും അനുമതിയില്ലാതെയും പ്രചരിപ്പിക്കുന്നതും പൂർണ്ണമായും നിരോധിച്ചു. പാർട്ടികളുടെ ഔദ്യോഗിക സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകളിൽ ഇത്തരം ഉള്ളടക്കം കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്നു മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യണം. കൂടാതെ അവയുടെ സൃഷ്ടിക്ക് ഉത്തരവാദികളായവർക്ക് മുന്നറിയിപ്പ് നൽകണം, വ്യാജ അക്കൗണ്ടുകളും നിയമവിരുദ്ധ വിവരങ്ങളും അതത് പ്ലാറ്റ്ഫോമുകൾക്ക് റിപ്പോർട്ട് ചെയ്യണം. എ.ഐ. ഉപയോഗിച്ച് നിർമ്മിച്ച എല്ലാ പ്രചാരണ സാമഗ്രികളും സൃഷ്ടിക്കപ്പെട്ട തീയതി, നിർമ്മാതാവിന്റെ വിവരങ്ങൾ എന്നിവ ആഭ്യന്തര രേഖകളായി രാഷ്ട്രീയ പാർട്ടികൾ സൂക്ഷിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.



സൊസൈറ്റി ടുഡേ
SOCIETY TODAY




# സി.സി.എഫ് ക്രിക്കറ്റ് ടൂർണമെന്റ്: ജേഴ്സി പ്രകാശനം ചെയ്തു

**കൊച്ചി:** സെലിബ്രിറ്റി ക്രിക്കറ്റേഴ്സ് ഫ്രെറ്റേർണിറ്റി സംഘടിപ്പിക്കുന്ന സി.സി.എഫ് ക്രിക്കറ്റ് ടൂർണമെന്റിന് മുന്നോടിയായി ഡോക് മീഡിയ സ്ട്രൈക്കേഴ്സിന്റെ പുതിയ സീസണിലേക്കുള്ള ജേഴ്സി പ്രകാശനം ചെയ്തു. രാജഗിരി ക്രിക്കറ്റ് ഗ്രൗണ്ടിൽ നടക്കുന്ന കേരള ഫിലിം പ്രൊഡ്യൂസേഴ്സ് പ്രീമിയർ ലീഗിൽ വെച്ച് ഡോക് ഇന്റീരിയേഴ്സ് മാനേജിംഗ് ഡയറക്ടർ സി.ആർ ഹനോയ്, സി.സി.എഫ് പ്രസിഡന്റ് അനിൽ തോമസ്, ട്രഷറർ സുധീപ് കാരാട്ട്, താരസംഘടനയായ അമ്മ ട്രഷറർ ഉണ്ണി ശിവപാൽ എന്നിവർ ചേർന്ന് ജേഴ്സി പ്രകാശനം നിർവഹിച്ചു. കെ.വി ഗിൽസൺ, പി.എസ് സുരേഷ് ബാബു, പി.വി അനിൽകുമാർ, വിനോദ് ചേന്നാട്ട്, പി.സി സുനിൽകുമാർ, സതീഷ് വെള്ളിനേഴി, പോളി വടക്കൻ, ജോയ് നായർ തുടങ്ങിയവർ പങ്കെടുത്തു. സി.സി.എഫ് ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കാളികളായ മാധ്യമ പ്രവർത്തകരുടെ ടീമാണ് മീഡിയ സ്ട്രൈക്കേഴ്സ് കേരള.

# കോമൺവെൽത്ത് ചെസ് ചാമ്പ്യൻഷിപ്പ് 2025: ദിവി ബിജേഷ് ജേതാവ്

**കാലാലംപൂർ/തിരുവനന്തപുരം :** കോമൺവെൽത്ത് ചെസ് ചാമ്പ്യൻഷിപ്പ് 2025ലെ അണ്ടർ12 ഗേൾസ് വിഭാഗത്തിൽ തിരുവനന്തപുരം കഴക്കൂട്ടം അലൻ ഫെൽഡ്മാൻ പബ്ലിക് സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർഥിനി ദിവി ബിജേഷ് ജേതാവായി. മലേഷ്യയിൽ നടന്ന ടൂർണമെന്റിൽ ഒമ്പത് റൗണ്ടുകളിലായി 8.5/9 സ്കോറുമായാണ് ദിവി ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. പ്രായപരിധിപ്രകാരം അണ്ടർ10 താരമായിട്ടും ദിവിക്കു മികച്ച പ്രകടനം കാഴ്ചവെക്കാനായി.

13 വിഭാഗങ്ങളിലായി വേദിയൊരുക്കുന്ന കോമൺവെൽത്ത് ചെസ് ചാമ്പ്യൻഷിപ്പ് കോമൺവെൽത്ത് രാഷ്ട്രങ്ങളിലെ മുൻനിര താരങ്ങളും ഗ്രാൻഡ് മാസ്റ്റർമാരും പങ്കെടുക്കുന്ന പ്രധാന അന്താരാഷ്ട്ര മത്സരമാണ്.



2025ൽ ദിവി വേൾഡ് കപ്പ് അണ്ടർ10 ഗേൾസ് ചാമ്പ്യൻ, വേൾഡ് കഡറ്റ് റാപ്പിഡ് ചാമ്പ്യൻ, വേൾഡ് കഡറ്റ് ബ്ലിറ്റ്സ് വൈസ് ചാമ്പ്യൻ, വേൾഡ് സ്കൂൾസ് ചെസ് വൈസ് ചാമ്പ്യൻ എന്നീ നേട്ടങ്ങൾ സ്വന്തമാക്കിയിട്ടുണ്ട് . 75ത്തിലധികം മെഡലുകൾ നേടിയ ദിവി കേരളത്തിന്റെ ഏറ്റവും പ്രായം കുറഞ്ഞ വിമൻ കാൻഡിഡേറ്റ് മാസ്റ്റർ കൂടിയാണ്. ഇന്ത്യയുടെ ആദ്യ അണ്ടർ10 ഗേൾസ് വേൾഡ് കപ്പ് ചാമ്പ്യൻ എന്ന ബഹുമതിയും ദിവിക്കു സ്വന്തമാണ്. മുതിർന്ന വിഭാഗത്തിലെ താരങ്ങളെ നേരിട്ടിട്ടും ആത്മവിശ്വാസത്തോടെ കളിച്ചാണ് ദിവി ഈ നേട്ടം കരസ്ഥമാക്കിയതെന്നും, ദിവിയുടെ ഓരോ നേട്ടങ്ങളും ഞങ്ങൾക്ക് അഭിമാനമാണെന്നും ദിവിയുടെ അച്ഛൻ ബിജേഷ് പറഞ്ഞു. ജയിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും , ഓരോ മത്സരത്തിലും മികച്ചത് ചെയ്യാൻ ശ്രമിച്ചുവെന്നും ദിവി പറഞ്ഞു. അമ്മ: പ്രഭ, സഹോദരൻ: ദേവനാഥ്.

# ഡയബറ്റിക് റെറ്റിനോപ്പതി: ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

**തിരുവനന്തപുരം:** ലോക പ്രമേഹ ദിനാചരണത്തിന്റെ ഭാഗമായി, ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ ഡയബറ്റിക് റെറ്റിനോപ്പതി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. തുടർച്ചയായ മൂന്നാം വർഷമാണ് ആശുപത്രി ഇത്തരത്തിലുള്ള വിപുലമായ ബോധവൽക്കരണ പരിപാടി നടത്തുന്നത്. തിരുവനന്തപുരം, ബംഗളൂരു, മുംബൈ, ചെന്നൈ, കൽക്കത്ത, ഹൈദരാബാദ്, ചണ്ഡീഗഡ്, ശ്രീനഗർ തുടങ്ങി ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ ഒരേസമയം പരിപാടികൾ നടന്നു. 50 വയസ്സിന് മുകളിലുള്ള പ്രമേഹരോഗികൾക്ക് നവംബർ 30 വരെ സൗജന്യ നേത്രപരിശോധന സൗകര്യവും ആശുപത്രി പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷന് 95940 48777 എന്ന നമ്പറിൽ ബന്ധപ്പെടാം.ഇന്ത്യയിൽ ഏകദേശം 30 ലക്ഷം പ്രമേഹരോഗികൾ ഡയബറ്റിക് റെറ്റിനോപ്പതി ബാധിതരുണ്ടെന്നാണ് കണക്കുകൾ. രക്തത്തിലെ പഞ്ചസാരനില ദീർഘകാലം ഉയർന്നിരിക്കുമ്പോൾ കണ്ണിലെ രക്തക്കുഴലുകൾ വീർത്ത് പൊട്ടുന്ന അവസ്ഥയാണിത്. ഇതുവഴി റെറ്റിനയും ഒപ്റ്റിക് നാഡിയിലും ഗുരുതരമായ കേടുപാടുകൾ ഉണ്ടാകുകയും, ചിലപ്പോൾ റെറ്റിന വേർപെടുന്ന സാഹചര്യവും സംഭവിക്കാം.



## തീവ്ര വോട്ടർ പട്ടിക പരിഷ്കരണം: സർക്കാർ ജീവക്കാരുടെ സംഘടനാ പ്രതിനിധികളുമായി പ്രത്യേക യോഗം ചേർന്നു

**കൊച്ചി:** തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (എസ്. ഐ. ആർ) ഭാഗമായുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ നേതൃത്വത്തിൽ സർക്കാർ ജീവനക്കാരുടെ വിവിധ സംഘടന പ്രതിനിധികളുമായി പ്രത്യേക യോഗം ചേർന്നു.

എസ്.ഐ.ആർ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ബൂത്ത് ലെവൽ ഓഫീസർമാർക്ക് ( ബി.എൽ.ഒ ) എല്ലാ സർക്കാർ ജീവനക്കാരും ആവശ്യമായ സഹായം നൽകണമെന്നും ഡിജിറ്റലൈസേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പരമാവധി സഹകരിക്കണമെന്നും യോഗത്തിൽ കളക്ടർ നിർദേശിച്ചു.

കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ഡെപ്യൂട്ടി കളക്ടർമാരായ സുനിൽ മാത്യു, കെ. മനോജ്, വി.ഇ അബ്ബാസ്, വിവിധ സംഘടനാ പ്രതിനിധികളായ കെ.എസ് ഷാനിൽ, എം.എ എബി, ബിജോയ് പി. ജോൺ, പി.എ രാജീവ്, പി.യു അൻസാർ തുടങ്ങിയവർ പങ്കെടുത്തു.

## ദിശ ഹയർസ്റ്റഡീസ് എക്സ്പോ & ഇന്റർനാഷണൽ കരിയർ കോൺക്ലേവ് നവംബർ 20 മുതൽ

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ നവംബർ 20 മുതൽ 24 വരെ കോട്ടയത്ത് ദിശ ഹയർസ്റ്റഡീസ് എക്സ്പോ സംഘടിപ്പിക്കും. ഹയർ സെക്കൻഡറി പഠനത്തിന് ശേഷമുള്ള ഉപരിപഠന തൊഴിൽ മേഖലകളിലെ അനന്തസാധ്യതകളെ പരിചയപ്പെടുത്തുന്ന മെഗാ ഉന്നത വിദ്യാഭ്യാസ മേളയാണ് ദിശ. രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികൾക്ക് K-DAT അഭിരുചി പരീക്ഷയിൽ പങ്കെടുക്കാനുള്ള സൗകര്യമൊരുക്കും. അഭിരുചി പരീക്ഷയ്ക്ക് ശേഷം വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് സംഘടിപ്പിക്കും. എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ പ്രത്യേകം സജ്ജമാക്കിയ സെമിനാർ ഹാളിൽ വ്യത്യസ്ത വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന വിഷയാവതരണങ്ങളും നടക്കും. സെമിനാറുകൾക്കും എക്സിബിഷനും, കെഡാറ്റ് രജിസ്ട്രേഷനുമായി https://www.dishaexpo.in എന്ന വെബ്സൈറ്റ് സന്ദർശിക്കാം. സ്കോളർഷിപ്പുകൾ, പ്രവേശന പരീക്ഷകൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്ന സ്റ്റാളുകൾ പ്രവർത്തിക്കും. തുടർപഠന മേഖലയുമായി ബന്ധപ്പെട്ട് സംശയങ്ങൾ നിലനിൽക്കുന്ന വിദ്യാർഥികൾക്കായി കരിയർ കൗൺസിലിംഗും സജ്ജമാക്കുന്നതാണ്. വിദ്യാർഥികൾ, രക്ഷിതാക്കൾ, പൊതുജനങ്ങൾ എന്നിവർക്ക് എക്സ്പോ സൗജന്യമായി കാണാനുള്ള അവസരമുണ്ടായിരിക്കും.

## മീഡിയ അക്കാദമി കോൺവൊക്കേഷൻ 20 ന്

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ 2024-25 പി ജി. ഡിപ്ലോമ ബാച്ചിന്റെ കോൺവൊക്കേഷൻ നവംബർ 20ന് രാവിലെ 11 ന് നടക്കും. കാക്കനാട് അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് പശ്ചിമ ബംഗാൾ ഗവർണർ ഡോ. സി.വി ആനന്ദബോസ് ഉദ്ഘാടനം ചെയ്യും. പി.ജി ഡിപ്ലോമ കോഴ്സുകളിലെ റാങ്ക് ജേതാക്കൾക്ക് ഗവർണർ സർട്ടിഫിക്കറ്റും കാഷ് അവാർഡും സമ്മാനിക്കും. അക്കാദമി ചെയർമാൻ ആർ. എസ് ബാബു അധ്യക്ഷത വഹിക്കും. അക്കാദമി മുൻചെയർമാനും മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടറുമായ തോമസ് ജേക്കബ്ബ് അഭിനേത്രിയും അക്കാദമി പൂർവ്വ വിദ്യാർത്ഥിയുമായ ജ്യോതിർമയി, അക്കാദമി സെക്രട്ടറി എസ്.എസ അരുൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിലേഷൻ ഡയറക്ടർ സി. എൽ തോമസ് എന്നിവർ പങ്കെടുക്കും.

## മീഡിയ റിലേഷൻസ് സമിതി രൂപീകരിച്ചു

**പത്തനംതിട്ട:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാതല മീഡിയ റിലേഷൻസ് സമിതി രൂപീകരിച്ചു. പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച മാധ്യമപ്രവർത്തകർക്കുള്ള മാർഗനിർദേശം പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും തുടർനടപടി ശുപാർശ ചെയ്യുന്നതിനും ജില്ലാ കലക്ടറുടെ അധികാര പരിധിയിൽ വരുന്ന മാധ്യമ സംബന്ധിയായ കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നതിനും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറെ സഹായിക്കുന്നതിനാണ് ജില്ലാ മീഡിയ റിലേഷൻസ് സമിതി രൂപീകരിച്ചത്. ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ ചെയർപേഴ്സണും ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി റ്റി ജോൺ കൺവീനറും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കോട്ടയം മേഖലാ ഡെപ്യൂട്ടി ഡയറക്ടർ കെ. ആർ പ്രമോദ് കുമാർ, ജില്ലാ ലോ ഓഫീസർ കെ. സോണിഷ്, ജില്ലാ ഇൻഫോർമാറ്റിക് ഓഫീസർ വൈഭവ് ഭരദ്വാജ്, പത്രപ്രവർത്തക യൂണിയൻ ജില്ലാ പ്രസിഡന്റ് ബിജു കുര്യൻ എന്നിവർ അംഗങ്ങളായ സമിതിയാണ് രൂപീകരിച്ചത്.

# നാടോടിക്കലകൾ കാലത്തിനനുസരിച്ച് മാറുന്നു: ബിനാലെ ഫൗണ്ടേഷൻ സെമിനാർ



**കോഴിക്കോട്:** ഉപഭോക്തൃ സംസ്ക്കാരത്തെ അതിജീവിച്ച് കാലത്തിനനുസരിച്ച് ലോകമെമ്പാടുമുള്ള നാടോടിക്കലകൾ മാറിക്കൊണ്ടിരിക്കുകയാണെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ വടകരയിൽ സംഘടിപ്പിച്ച സെമിനാർ അഭിപ്രായപ്പെട്ടു. കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കത്തിന് മുന്നോടിയായി നടത്തുന്ന ഔട്ട് റീച്ച് സംവാദ പരിപാടിയായ കല, കാലം, കലാപം എന്ന പരമ്പരയുടെ ഭാഗമായാണ് സെമിനാർ നടന്നത്. സമകാലിക ഫോക്‌ലോറും സാംസ്കാരിക പ്രതിരോധവും എന്ന വിഷയത്തിലായിരുന്നു സെമിനാർ. കലാഗവേഷകൻ കേളീ രാമചന്ദ്രനാണ് പരിപാടി ക്യൂറേറ്റ് ചെയ്യുന്നത്. വടകര ടൗൺ ഹാളിൽ നടന്ന പരിപാടിയിൽ കെ.എം.ബി പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി മുഖ്യാതിഥിയായിരുന്നു. ആധുനിക വിശ്വാസങ്ങളെ ഉൾക്കൊള്ളാനുള്ള പൊതു പ്രവണത കാരണം നാടോടിക്കഥകൾ നിരന്തരമായ നവീകരണ ശേഷി നിലനിറുത്തുന്നതാണെന്ന് പരിപാടിയിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു. ഫോക്‌ലോറിസ്റ്റ് പ്രൊഫ. പുരുഷോത്തം ബിലിമാലെ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു. പരമ്പരാഗതമായി നിലനിന്നിരുന്ന വിവിധ സമീപനങ്ങളെയും സൗന്ദര്യശാസ്ത്രങ്ങളെയും നിശബ്ദമാക്കുന്ന ഏകശിലാ സാംസ്കാരികത ഉറപ്പാക്കാൻ സ്വേച്ഛാധിപത്യപരമായ നീക്കങ്ങൾ കണ്ടുവരുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സാഹിത്യവേദി പ്രസിഡന്റായ കവി വീരാൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ കളരിപ്പയറ്റ് ആയോധനകലയിലെ പത്മശ്രീ മീനാക്ഷി അമ്മയെ ആദരിച്ചു.നാടൻ കലാഗവേഷകനായ ഡോ. രാഘവൻ പയ്യനാട് മുഖ്യ പ്രഭാഷണം നടത്തി. പി.പി ദാമോദരൻ, പുരന്തോടത്ത് ഗംഗാധരൻ, പി.പി രാജൻ സംസാരിച്ചു.

# പ്രാദേശിക കലാകാരന്മാർക്കായി ഇടം ഒരുക്കി കൊച്ചി ബിനാലെ ഫൗണ്ടേഷൻ

**കൊച്ചി:** കേരളത്തിൽ നിന്നുള്ള പ്രാദേശിക കലാകരന്മാർക്കായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ ഒരുക്കുന്ന ഇടം പ്രദർശനത്തിൽ പങ്കെടുക്കുന്ന കലാകാരന്മാരെ പ്രഖ്യാപിച്ചു. ഡിസംബർ 13ന് ആരംഭിക്കുന്ന ഈ പ്രദർശനം ഡിസംബർ 12ന് തുടങ്ങുന്ന കൊച്ചിമുസിരിസ് ബിനാലെയ്ക്ക് സമാന്തരമായാണ് നടക്കുന്നത്.

കലാകാരന്മാരായ ഐശ്വര്യ സുരേഷും കെ.എം മധുസൂദനനും ക്യൂറേറ്റ് ചെയ്യുന്ന ഇടം, മട്ടാഞ്ചേരിയിലെ ബസാർ റോഡിൽ ക്യൂബ് ആർട്ട് സ്പേസസ്, അർമാൻ കളക്ടീവ് ആൻഡ് കഫേ, ഗാർഡൻ കൺവെൻഷൻ സെന്റർ എന്നിവിടങ്ങളിലായാണ് നടക്കുന്നത്. 36 കലാകാന്മാർ, കളക്റ്റീവ്സ് പങ്കെടുക്കും.കേരളത്തിലെ കലാകാരന്മാരുടെ ആശയങ്ങളുടെയും ചിന്തകളുടെയും ശ്യംഖല ആയിരിക്കുമിതെന്ന് കൊച്ചിമുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു. കേരളത്തിന്റെ പാരമ്പര്യങ്ങളിലും പൈതൃകത്തിലും സംസ്കാരത്തിലും അധിഷ്ഠിതമായ വേരുകളും, ലോകമെമ്പാടുമുള്ള മറ്റ് സംസ്കാരങ്ങളാൽ അവർക്ക് ലഭിച്ച സ്വാധീനത്തെയും ഈ പ്രദർശനം വെളിച്ചത്തുകൊണ്ടുവരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. യുവാക്കൾക്ക് പ്രാധാന്യം നൽകി കേരളത്തിലെ പുതിയ കലാകാരന്മാരെ മുന്നോട്ടു കൊണ്ടുവരാനും പരിചയപ്പെടുത്താനുമുള്ള വേദിയാണ് ഇടം എന്ന് ക്യൂറേറ്റർ കെ.എം മധുസൂദനൻ പറഞ്ഞു. നമ്മുടെ നാട്ടിലെ പുതിയ ആശയങ്ങളും, ചിന്തകളും, ജീവിതാനുഭവങ്ങളും, കലാപ്രവർത്തനത്തിന്റെ നൂതന രീതികളും ഇവരുടെ കലാസൃഷ്ടികളിൽ പ്രതിഫലിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡിസംബർ 12 ന് ആരംഭിക്കുന്ന കൊച്ചി മുസിരിസ് ബിനാലെ 109 ദിവസത്തെ പ്രദർശനത്തിന് ശേഷം മാർച്ച് 31 ന് സമാപിക്കും. ഗോവയിലെ എച്. എച് ആർട്സ്പേസിന്റെ സഹകരണത്തോടെ ആഗോള പ്രശസ്ത കലാകാരൻ നിഖിൽ ചോപ്രയാണ് ബിനാലെ ആറാം ലക്കത്തിന്റെ ക്യൂറേറ്റർ. 20 രാജ്യങ്ങളിൽ നിന്നുള്ള 66 കലാകാരന്മാരും കൂട്ടായ്മകളുമടങ്ങുന്ന സംഘമാണ് പ്രദർശനങ്ങളും പ്രതിഷ്ഠാപനങ്ങളും ഒരുക്കുന്നത്. ഫോർ ദി ടൈം ബീയിംഗ് എന്നതാണ് ആറാം ലക്കത്തിന്റെ പ്രമേയം. പശ്ചിമകൊച്ചിയും എറണാകുളം നഗരവും ഉൾപ്പെടുന്ന വിവിധ സ്ഥലങ്ങളാണ് ബിനാലെ വേദികൾ.

# ശബരിമല തീർഥാടനം: സംയോജിത കൺട്രോൾ റൂം പ്രവർത്തിക്കുമെന്ന് ജില്ലാ കലക്ടർ

**പത്തനംതിട്ട:** ശബരിമല മണ്ഡല മകരവിളക്കുമായി ബന്ധപ്പെട്ട് സംയോജിത കൺട്രോൾ റൂം പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുമെന്ന് ജില്ലാ കലക്ടർ എസ്. പ്രേംകൃഷ്ണൻ. കലക്ടറേറ്റ് ഹാളിൽ ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് വാർത്താ സമ്മേളനം നടത്തുകയായിരുന്നു ജില്ലാ കലക്ടർ. വിവിധ വകുപ്പുകളെ എകോപിപ്പിച്ചായിരിക്കും കൺട്രോൾ റൂമിന്റെ പ്രവർത്തനം.

ഭക്ഷ്യ പൊതുവിതരണം, സർവേ ഭൂരേഖ, തദ്ദേശസ്വയംഭരണം, ലീഗൽ മെട്രോളജി, ആരോഗ്യം എന്നീ വകുപ്പുകളിൽ നിന്നും സാനിറ്റേഷൻ/സ്ക്വാഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാനിറ്റേഷൻ മോണിറ്ററിങ് ഓഫീസർമാരെയും അളവ് വില നിയന്ത്രണം, വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത് എന്നിവ ഉറപ്പുവരുത്തുന്നതുൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് ശബരിമല ജോയിന്റ് എൻഫോഴ്സ്മെന്റ് ആൻഡ് മോണിറ്ററിംഗ് സ്ക്വാഡുകളിലേക്കുള്ള ഉദ്യോഗസ്ഥരെയും നിയോഗിച്ചു.

വടശ്ശേരിക്കര മുതൽ അട്ടത്തോട് വരെയുള്ള തീർത്ഥാടന പാതയുടെ വശങ്ങളിൽ ആടുമാടുകളെ കെട്ടിയിടുന്നതും മേയാൻ വിടുന്നതും പത്തനംതിട്ട മുതൽ സന്നിധാനം വരെയുള്ള തീർത്ഥാടന പാതകളിൽ അനധികൃത വഴിയോരകച്ചവടം നടത്തുന്നതും നിരോധിച്ചു. ജില്ലയിലെ എല്ലാ ഭക്ഷണശാലകളിലും വിവിധ ഭാഷകളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കും. ളാഹ മുതൽ സന്നിധാനം വരെ തീർത്ഥാടന പാതയിൽ ഭക്ഷണശാലകളിൽ മാംസാഹാരം ശേഖരിച്ചുവയ്ക്കുന്നതും പാചകം ചെയ്യുന്നതും വിൽപന നടത്തുന്നതും നിരോധിച്ചു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ വശങ്ങളിലും നിലയ്ക്കിലും മറ്റു പാർക്കിംഗ് സ്ഥലങ്ങളിലും വാഹനങ്ങളുടെ സമീപവും വാഹനങ്ങളിലും പാചകം ചെയ്യുന്നതും നിരോധിച്ചിട്ടുണ്ട്. ളാഹ മുതൽ സന്നിധാനം വരെ ഹോട്ടലുകളിൽ ഒരേ സമയം പരമാവധി സൂക്ഷിക്കാവുന്ന ഗ്യാസ് സിലിണ്ടറിന്റെ എണ്ണം അഞ്ചായി നിജപ്പെടുത്തി.

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഏകീകൃത ശബരി വെബ് പോർട്ടലുണ്ടാകും.



ശിവസേന എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന ബാൽ താക്കറെ അനുസ്മരണ സമ്മേളനം ബി.ഡി.ജെ. എസ് ജില്ലാ പ്രസിഡന്റ് പി. ബി സുജിത്ത് ഉദ്ഘാടനം ചെയ്യുന്നു. സന്തോഷ് കുമാർ, സി. ആർ ലെനിൻ, ടി. ആർ ദേവൻ, പി. എൽ ജിൻസൺ, ബബിത ബി. നായർ തുടങ്ങിയവർ സമീപം

# ബാൽതാക്കറെ അനുസ്മരണം നടത്തി

**കൊച്ചി:** ശിവസേന സ്ഥാപകൻ ബാൽതാക്കറയുടെ പതിമൂന്നാം അനുസ്മരണ സമ്മേളനം കൊച്ചിയിൽ സംഘടിപ്പിച്ചു. ശിവസേന എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന അനുസ്മരണ സമ്മേളനം ബി.ഡി.ജെ.എസ് ജില്ലാ പ്രസിഡന്റ് പി. ബി സുജിത്ത് ഉദ്ഘാടനം ചെയ്തു. ശിവസേന ജില്ലാ വൈസ് പ്രസിഡന്റ് ജി. സന്തോഷ് കുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ടി. ആർ ദേവൻ മുഖ്യപ്രഭാഷണം നടത്തി. ബി.ജെ.പി ഉദയംപേരൂർ സൗത്ത് മേഖലാ പ്രസിഡന്റ് ബബിത ബി. നായർ മുഖ്യ അതിഥിയായിരുന്നു. ശിവസേന നേതാക്കളായ സി.ആർ ലെനിൻ. സുരേഷ് കടുപ്പത്ത്. കെ. ബി മുരുകൻ. പി. കെ സുനിൽകുമാർ. കെ. കെ ബിജു. മരട് മുരുകൻ. കൃഷ്ണകുമാർ. ബി.ജെ.പി എസ്.സി മോർച്ച ജില്ലാ വൈസ് പ്രസിഡന്റ് വേണുഗോപാൽ. തോമസ് കുറിശ്ശേരി, പാറയിൽ മോഹനൻ തുടങ്ങിയവർ പ്രസംഗിച്ചു.

# പമ്പയിൽ മുങ്ങുമ്പോൾ മൂക്കിൽ വെള്ളം കയറാതെ ശ്രദ്ധിക്കണമെന്ന് ആരോഗ്യവകുപ്പ്

**പത്തനംതിട്ട:** അമീബിക് മസ്തിഷ്കജ്വരത്തിന്റെ പശ്ചാത്തലത്തിൽ ശബരിമല തീർഥാടനത്തിനെത്തുന്നവർക്ക് ജാഗ്രതാ നിർദേശവുമായി ആരോഗ്യ വകുപ്പ്. പമ്പയിൽ സ്നാനം നടത്തുമ്പോൾ മൂക്കിൽ വെള്ളം കയറാതെ ശ്രദ്ധിക്കണമെന്നാണ് നിർദേശം. വെള്ളത്തിൽ മുങ്ങുമ്പോൾ മൂക്ക് പൊത്തിപ്പിടിക്കുകയോ നേസൽ ക്ലിപ്പ് ഉപയോഗിക്കുകയോ ചെയ്യണം.

പമ്പാനദിയിൽ ഒഴുക്കുള്ളതിനാൽ അമീബിക് മസ്തിഷ്കജ്വരം ഉണ്ടാകാനുള്ള സാധ്യതയില്ലെങ്കിലും വെള്ളം കുറയുന്ന സാഹചര്യത്തിൽ ത്രിവേണിയിലെ ചില ഭാഗങ്ങളിൽ ചെറിയ തടാകം പോലെ രൂപപ്പെടാൻ സാധ്യതയുണ്ട്. ഇവിടേക്ക് തീർഥാടകരെ കടത്തി വിടാതിരിക്കാനുള്ള നടപടി ആരോഗ്യവകുപ്പ് നൽകും.

തീർഥാടനത്തിനിടയിൽ അയ്യപ്പന്മാർ ക്ഷേത്രക്കുളങ്ങളിൽ കുളിക്കാൻ സാധ്യതയുള്ളതിനാൽ ക്ലോറിനേഷൻ അടക്കമുള്ള പ്രവർത്തനങ്ങൾ നടത്താൻ ആരോഗ്യ വകുപ്പ് ദേവസ്വം ബോർഡുകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്.

# ചിന്നാർ വന്യജീവി സങ്കേതത്തിൽ പ്രകൃതിപഠന ക്യാമ്പ് സംഘടിപ്പിച്ചു

**കൊല്ലം:** കരുനാഗപ്പള്ളി മോഡൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ എസ്.പി.സി യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടുക്കി ചിന്നാർ വന്യജീവി സാങ്കേതത്തിൽ മൂന്നു ദിവസം നീണ്ടു നിന്ന പ്രകൃതിപഠന ക്യാമ്പ് സംഘടിപ്പിച്ചു.

സീനിയർ ബാച്ചിലെ 40 കേഡറ്റുകളാണ് പ്രകൃതിപഠന ക്യാമ്പിൽ പങ്കെടുത്തത്.കേരളത്തിന്റെ മഴനിഴൽ പ്രദേശവും നക്ഷത്ര ആമകളെ കാണുന്ന ഏക വന്യജീവിസാങ്കേതവുമായ ചിന്നാർ വന്യജീവി സാങ്കേതത്തിലേക്കായിരുന്നു നേച്ചർ ക്യാമ്പ്.

# കുട്ടനാടിന്റെ പൈതൃകം അറിയാൻ കത്തോലിക്കാ കോൺഗ്രസിന്റെ ഗ്രേസ്ഫുൾ ജേർണി

**ചങ്ങനാശേരി:** കുട്ടനാടൻ പൈതൃക പ്രചാരണം മുൻനിർത്തി കത്തോലിക്ക കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതി ഗ്രേസ്ഫുൾ ജേർണിക്ക് തുടക്കംകുറിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി എത്തയ്ക്കാട്ട് കിടങ്ങറയിൽ ഉദ്ഘാടനം നിർവഹിച്ചു. കുട്ടനാടൻ കാർഷിക രീതികളും പാരമ്പര്യങ്ങളും പുത്തൻതലമുറയ്ക്ക് പകർന്നു നൽകണമെന്ന് വികാരി ജനറാൾ പറഞ്ഞു. അതിരൂപത പ്രസിഡൻറ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, സെന്റ് ഗ്രിഗോറിയോസ് ഇടവക വികാരി ഫാ. സിറിൽ ചേപ്പില, ഭാരവാഹികളായ ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, റോസിലി കെ. കുരുവിള, പി.സി കുഞ്ഞപ്പൻ, ചാക്കപ്പൻ ആന്റണി, സിസി സെബാസ്റ്റ്യൻ, ജെസി ആന്റണി, ലിസി ജോസ്, ഔസേപ്പച്ചൻ ചെറുകാട്, ജോയൽ ജോൺ റോയി എന്നിവർ നേതൃത്വം നൽകി.

# 'നിസാൻ ലിറ്റിൽ ചാംപ്സ്' സംഘടിപ്പിച്ചു



**കൊച്ചി :** ശിശുദിനാഘോഷത്തിന്റെ ഭാഗമായി നിസ്സാൻ മോട്ടോർ ഇന്ത്യ കുട്ടികൾക്കായി 'നിസാൻ ലിറ്റിൽ ചാംപ്സ്' സംഘടിപ്പിച്ചു. ഇന്ത്യയിലെ സർവീസ് സെന്ററുകളിൽ സംഘടിപ്പിച്ച പരിപാടിയിൽ 1304 കുട്ടികൾ പങ്കെടുത്തു.10 മുതൽ 15 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്കായി മാത്രം രൂപകൽപ്പന ചെയ്ത കാറുകളെ കുറിച്ചുള്ള സെഷനുകളും വർക്ക്ഷോപ്പുകളും നടത്തി. കുട്ടികൾക്ക് വാഹനങ്ങളുടെ ലോകത്തേക്ക് ചുവടുവെക്കാനും ലളിതവും ആകർഷകവുമായ രീതിയിൽ കാറുകളെക്കുറിച്ച് പഠിക്കാനും അവസരം നൽകുക എന്നതായിരുന്നു നിസാൻ ലിറ്റിൽ ചാംപ്സിന്റെ ലക്ഷ്യം.

## മെഴുകുതിരി നിർമാണത്തിൽ പരിശീലനം

**കൊച്ചി:** അലങ്കാര മെഴുകുതിരികൾ നിർമിക്കുന്നതിൽ ഇസാഫ് ഫൗണ്ടേഷൻ സ്ത്രീകൾക്ക് ഈമാസം 25, 26 തീയതികളിൽ പരിശീലനം നൽകുന്നു. കൊച്ചിയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിങ് സെന്ററിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക്, 9072600771.

## ന്യൂമീഡിയ ആന്റ് ഡിജിറ്റൽ ജേണലിസം : നവംബർ 22 വരെ അപേക്ഷിക്കാം

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ ആന്റ് ഡിജിറ്റൽ ജേണലിസം ഡിപ്ലോമ കോഴ്സിലേക്ക് (ഈവനിംഗ് ബാച്ച് ) നവംബർ 22വരെ അപേക്ഷിക്കാം. 6 മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളിൽ വൈകീട്ട് 6.00 മുതൽ 8.00 വരെയാണ് ക്ലാസ് നടക്കുന്നത്. ഒരേ സമയം ഓൺലൈനിലും ഓഫ്‌ലൈനിലും ക്ലാസ് ലഭ്യമാണ്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസയോഗ്യത. പ്രായപരിധി ഇല്ല. ഓൺലൈനായി അപേക്ഷിക്കുന്നതിന് മീഡിയ അക്കാദമിയുടെ www.kma.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
https://forms.gle/Vxyk4Z4FrR8DwMUv9 എന്ന ലിങ്കിലൂടെയും അപേക്ഷ സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി നവംബർ 22. വിലാസം സെക്രട്ടറി , കേരള മീഡിയ അക്കാദമി , കാക്കനാട്, കൊച്ചി 682030. ഫോൺ: 0484- 2422275, 2422068, 9388959192, 0471-2726275

## ഗെയിം ഡെവലപ്മെന്റ് വർക്ക്ഷോപ്പ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ കോട്ടയം നോളഡ്ജ് സെന്ററിൽ 2 ദിവസത്തെ ഗെയിം ഡെവലപ്പ്മെന്റ് വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. നവംബർ 21, 22 തിയതികളിലായി നടക്കുന്ന പരിശീലന പരിപാടിയിൽ എസ്.എസ്.എൽ.സി പാസായവർക്ക് അപേക്ഷിക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫോം : https://forms.gle/GFqYnAqQN7GpNdJV8
വിലാസം : കെൽട്രോൺ നോളഡ്ജ് സെന്റർ, ഫസ്റ്റ് ഫ്ളോർ മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്, നാഗമ്പടം പ്രൈവറ്റ് ബസ് സ്റ്റാൻഡ്, കോട്ടയം.ഫോൺ 6282841772, 8590118698

## സൗജന്യ സോഫ്റ്റ് സ്കിൽ പരിശീലന ക്ലാസ്സ്

**കൊച്ചി:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്കായി സൗജന്യ സോഫ്റ്റ് സ്കിൽ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. നവംബർ 20, 21, 22 ദിവസങ്ങളിലായി കാക്കനാട് സിവിൽ സ്റ്റേഷനിൽ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ക്ലാസ് നടക്കും. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിശീലന പരിപാടികളിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ കാക്കനാട് സിവിൽ സ്റ്റേഷൻ അഞ്ചാം നിലയിൽ പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നവംബർ 20 രാവിലെ 10.30 ന് എത്തിച്ചേരുക. ഫോൺ : 6282442046, 9446926836, 0484-2422452.

# ഊരാളുങ്കൽ സൊസൈറ്റി ലോക സഹകരണ സാംസ്കാരിക പൈതൃക കേന്ദ്രം

**കൊച്ചി:** നൂറുവർഷത്തെ ചരിത്രമുള്ള തൊഴിലാളി സഹകരണ സംഘമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്ഥാനം ഇനി 'ലോക സഹകരണ സാംസ്കാരിക പൈതൃക കേന്ദ്രം' ബ്രസീലിലെ ഇറ്റാമറതി പാലസിൽ സംഘടിപ്പിച്ച ചടങ്ങിൽ ഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസാണു പ്രഖ്യാപനം നടത്തിയത്.

ലോക സഹകരണ പ്രസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം പേറുന്ന 25 രാജ്യങ്ങളിലെ 31 കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയ സഹകരണ സാംസ്കാരിക പൈതൃക കേന്ദ്രങ്ങളുടെ ലോക ഭൂപടത്തിൽ ഇന്ത്യയിൽ നിന്ന് ഊരാളുങ്കൽ സൊസൈറ്റിയെ കൂടാതെ ഗുജറാത്തിലെ അമൂലിന്റെ ഡോ. വർഗീസ് കുര്യൻ മ്യൂസിയവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂപടത്തിൽ ഏഷ്യയിൽ നിന്ന് ഏഴു കേന്ദ്രങ്ങളാണുള്ളത്.

സഹകരണ സാംസ്കാരിക പൈതൃക കേന്ദ്രങ്ങളുടെ ആദ്യ ലോക ഭൂപടം ഉൾപ്പെടുത്തി, 'കോ-ഓപ്പറേറ്റീവ് കൾച്ചറൽ ഹെറിറ്റേജ് പ്ലാറ്റ്ഫോം' (www.culturalheritage.coop) ഐ.സി.എ പ്രകാശനം ചെയ്തു. സഹകരണ സ്ഥാപനങ്ങൾ വ്യവസായങ്ങൾ മാത്രമല്ല, അവ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും വ്യക്തിത്വത്തിന്റെയും വാഹകരാണെന്ന് ഭൂപടം പ്രകാശനം ചെയ്ത് ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് പ്രസിഡന്റ് ഏരിയേൽ ഗ്വാർകോ പറഞ്ഞു. സഹകരണ പ്രസ്ഥാനം തലമുറകളിലൂടെ എങ്ങനെ സംസ്കാരത്തെയും വിദ്യാഭ്യാസത്തെയും ജീവിതോപാധികളെയും രൂപപ്പെടുത്തി എന്നത് പ്രതിപാദിക്കുന്നതാണു ഭൂപടം.

സഹകരണ പ്രസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുകയും ആഘോഷിക്കുകയും ചെയ്യാനുള്ള ആഗോളോദ്യമത്തിന്റെ ഭാഗമാണു പ്ലാറ്റ്ഫോം. അതിൽ https://www.culturalheritage.coop/aboutTangiblePage/ulccs-india എന്ന താളിലാണ് ഊരാളുങ്കൽ സൊസൈറ്റിയുള്ളത്. നൂറു വർഷം കൊണ്ട് കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ അദ്വിതീയസ്ഥാനം കൈ





വരിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വ്യവസായ,ഉപഭോക്തൃസേവന വിഭാഗത്തിൽ ലോകത്തെ രണ്ടാമത്തെ വലിയ സഹകരണ സ്ഥാപനമാണ്.


18,000ത്തിലധികം പേർക്ക് നേരിട്ടുള്ള തൊഴിൽ നൽകുന്ന സ്ഥാപനത്തിന്റെ വാർഷിക വരുമാനം 2334 കോടി രൂപയാണ്. തൊഴിലാളികൾ ഉടമസ്ഥരായ ലോകത്തിലെ ഏക ഐ.ടി പാർക്കായ യു.എൽ സൈബർപാർക്ക്, യു.എൽ ടെക്നോളജി സൊല്യൂഷൻസ്, ഫ്യൂച്ചറിസ്റ്റിക് നിർമ്മാണങ്ങൾക്കായി രൂപം നൽകിയ യുസ്ഫിയർ, കോഴിക്കോട്ടെ സർഗ്ഗാലയ, തിരുവനന്തപുരത്തെ കേരള എന്നീ ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജുകൾ, മാറ്റർ ലാബ് എന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ മെറ്റീരിയൽ ടെസ്റ്റിങ് ലാബ്, യു.എൽ ഹൗസിങ്, യു.എൽ റിസേർച്ച്, യു.എൽ ചാരിറ്റബിൾ ആൻഡ് വെൽഫെയർ ഫൗണ്ടേഷൻ, നിർമ്മാണ കൺസൾട്ടൻസി സ്ഥാപനമായ യു.എൽ ഇൻസൈറ്റ് എന്നിവ സൊസൈറ്റിയുടെ ഉപസ്ഥാപനങ്ങളാണ്.

## വിജി തമ്പിയും എവർഷൈൻ പിക്ചേഴ്സും വീണ്ടും വെള്ളിത്തിരയിലേക്ക്

# 'സ്വാമിയേ ശരണമയ്യപ്പ' ; ട്രെയിലർ റിലീസ് ചെയ്തു

**കൊച്ചി:** സൂപ്പർ ഹിറ്റ് സിനിമകളുടെ നിർമ്മാതാവ് എവർഷൈൻ പിക്ചേഴ്സും സംവിധായകൻ വിജി തമ്പിയും നീണ്ട ഇടവേളയ്ക്ക് ശേഷം വെള്ളിത്തിരയിലേക്ക് തിരിച്ചെത്തുന്നു. അയ്യപ്പസ്വാമിയുടെ യഥാർത്ഥ ചരിത്രം പറയുന്ന 'സ്വാമിയേ ശരണമയ്യപ്പ' എന്ന് പേരിട്ടിരിക്കുന്ന ചിത്രത്തിലൂടെയാണ് ഒരു വ്യാഴവട്ടക്കാലത്തിന് ശേഷം സൂപ്പർ ഡ്യൂപ്പർ ഹിറ്റ് സിനിമകളുടെ സംവിധായകന്റെയും നിർമ്മാതാവിന്റെയും മടങ്ങിവരവ്. ചിത്രത്തിന്റെ ട്രെയിലർ ഇടപ്പള്ളി വനിതാ വിനീത തീയ്യറ്ററിൽ നടന്ന ചടങ്ങിൽ നടനും സംവിധായകനുമായ ബാലചന്ദ്രമേനോൻ റിലീസ് ചെയ്തു.

ആധുനിക രീതിയിലുള്ള മാറ്റത്തിന്റെ പാതയിലൂടെയാണ് സിനിമ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്നും വിജി തമ്പി സംവിധാനം ചെയ്യുന്ന എ.ഐ ചിത്രമായ സ്വാമിയേ ശരണമയ്യപ്പ വലിയ വിജയമായി മാറുമെന്നാണ് പ്രതീക്ഷയെന്നും ബാലചന്ദ്രമേനോൻ പറഞ്ഞു. നാളിതുവരെ അയ്യപ്പകഥകൾ പല രീതിയിൽ തിരശീലയിലെത്തിയിട്ടുണ്ട്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി നൂറ്റാണ്ടുകൾക്ക് മുൻപ് സംസ്കൃതത്തിൽ രചിക്കപ്പെട്ട ശ്രീ ഭൂതനാഥ ഉപാഖ്യാനം എന്ന കൃതിയാണ് അയ്യപ്പസ്വാമിയെക്കുറിച്ചുള്ള ഗ്രന്ഥങ്ങളിൽ ഏറ്റവും ഉത്കൃഷ്ടം എന്ന് പണ്ഡിത ശ്രേ





ഷ്ഠർ ഏക സ്വരത്തിൽ സമ്മതിച്ചിട്ടുള്ളതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി എ. ഐ സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയാണ് ചിത്രം ഒരുങ്ങുന്നതെന്ന് സംവിധായകൻ വിജി തമ്പി വ്യക്തമാക്കി. എല്ലാ സാങ്കേതിക വിദ്യകളും ഉപയോഗിച്ചുകൊണ്ട് ഐ.ഐയുടെ സഹായത്താൽ നല്ല രീതിയിൽ തന്നെ ചെലവ് കുറച്ച് സിനിമ പ്രേക്ഷകരിൽ എത്തിക്കാൻ സാധിക്കും. അതിലേക്കുള്ള ആദ്യ ചുവട് വെയ്പാണ് ഈ സിനിമയെന്നും ചിത്രം 2026 ൽ തീയ്യറ്ററുകളിൽ എത്തുമെന്നും വിജി തമ്പി പറഞ്ഞു.

നിർമ്മാതാവ് എവർഷൈൻ മണി, പ്രൊജക്ട് ഡിസൈനർ സുരേഷ് മണ്ണാർക്കാട്, എ. ഐ വിഷലൈസേഷൻ ടെക്നീഷ്യൻ വിനോ, വി.എഫ്.എക്സ് കൺസൾട്ടന്റ് വാസുദേവൻ കൊരട്ടിക്കര തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. വിഷ്ണു വർദ്ധൻ ആണ് ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും രചിക്കുന്നത്. നരേഷൻ ആന്റ് സ്ക്രിപ്റ്റ് കൺസൾട്ടന്റ് ഡോ. രാജേന്ദ്രബാബു, എ. ഐ വിഷലൈസേഷൻ - വിനോ, എഡിറ്റിംഗ്- ശ്രീകർ പ്രസാദ്, സംഗീതം- എം. ജയചന്ദ്രൻ, ഗാനരചന- ഹരിനാരായണൻ, കൺസൾട്ടന്റ് സിനിമാട്ടോഗ്രാഫർ- ഉണ്ണി മടവൂർ, പ്രൊജക്ട് ഡിസൈനർ- സുരേഷ് മണ്ണാർക്കാട്, വി.എഫ്.എക്സ് കൺസൾട്ടന്റ് -വാസുദേവൻ കൊരട്ടിക്കര, കളറിസ്റ്റ്-ലിജു പ്രഭാകർ, സ്റ്റുഡിയോ ഇമ്പിജി ഫിലിംസ്, 4ഫ്രെയിംസ്.

2013ൽ ദിലീപിനെ നായകനാക്കി നാടോടി മന്നൻ എന്ന ചിത്രമാണ് വിജി തമ്പി അവസാനമായി സംവിധാനം ചെയ്തത്. മനുഷ്യമൃഗം, ബോയിംഗ് ബോയിംഗ്, സന്ദേശം, ആയുഷ്ക്കാലം, സൈന്യം, സത്യമേവ ജയതേ തുടങ്ങിയവയാണ് എവർഷൈൻ പിക്ചേഴ്സ് നിർമ്മിച്ച ചിത്രങ്ങൾ.

# സി.എം.ഡി. അന്താരാഷ്ട്ര മൾട്ടിപ്ലയർ ട്രെയിനിംഗ് സംഘടിപ്പിച്ചു

**തിരുവനന്തപുരം:** സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (സി.എം.ഡി.) സംരംഭകത്വ വിദ്യാഭ്യാസം എല്ലാവർക്കും എന്ന വിഷയത്തിൽ അന്താരാഷ്ട്ര മൾട്ടിപ്ലയർ ട്രെയിനിംഗ് സംഘടിപ്പിച്ചു. ASEM ലൈഫ് ലോംഗ് ലേണിംഗ് ഹബ് റീജിയണൽ സെന്റർ ഫോർ സൗത്ത് ഏഷ്യയുടെ സഹകരണത്തോടെയായിരുന്നു പരിപാടി.

അദ്ധ്യാപകരിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ പഠനവും കാഴ്ചപ്പാടുകളും വളർത്തിക്കൊണ്ടുവരുന്നതിന് സഹായകമാകുന്ന വിധത്തിൽ അന്താരാഷ്ട്ര പഠന പരിചയ വിനിമയത്തിന് വേദിയൊരുക്കുകയായിരുന്നു ലക്ഷ്യം. കേരള സ്റ്റാർട്ടപ്പ് മിഷൻ സി. ഇ. ഒ. അനൂപ് അംബിക പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. സംരംഭകർ, സ്റ്റാർട്ടപ്പുകൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, സർക്കാർ ഉദ്യോഗസ്ഥർ, വിവിധ മേഖലയിലെ വിദഗ്ധർ തുടങ്ങിയവർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



കേന്ദ്ര ഭവന നഗര കാര്യവകുപ്പ് ഏർപ്പെടുത്തിയ സിറ്റി വിത്ത് ബെസ്റ്റ് ഗ്രീൻ ട്രാൻസ്പോർട്ട് ഇനിഷ്യേറ്റീവ് അവാർഡ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ, ഡയറക്ടർമാരായ സഞ്ജയ്കുമാർ, ഡോ. എം.പി രാംനവാസ് എന്നിവർ കേന്ദ്ര ഭവന, നഗരകാര്യവകുപ്പ് മന്ത്രി മനോഹർ ലാലിൽ നിന്ന് ഏറ്റുവാങ്ങുന്നു.

# ഹരിത ഗതാഗത രംഗത്തെ സംഭാവനയ്ക്ക് കൊച്ചി മെട്രോയ്ക്ക് ദേശീയ പുരസ്കാരം

**കൊച്ചി:** കേന്ദ്ര ഭവന,നഗര കാര്യവകുപ്പ് ഏർപ്പെടുത്തിയ സിറ്റി വിത്ത് ബെസ്റ്റ് ഗ്രീൻ ട്രാൻസ്പോർട്ട് ഇനിഷ്യേറ്റീവ് അവാർഡ് കൊച്ചി മെട്രോയ്ക്കു ലഭിച്ചു. ഹരിയാനയിലെ ഗുരുഗ്രാമിൽ നടന്ന അർബൻ മൊബിലിറ്റി ഇന്ത്യ കോൺഫ്രൻസിന്റെ ഭാഗമായി ഏർപ്പെടുത്തിയ അവാർഡ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഡയറക്ടർമാരായ സഞ്ജയ്കുമാർ, ഡോ. എം.പി രാംനവാസ് എന്നിവർ കേന്ദ്ര ഭവന, നഗരകാര്യവകുപ്പ് മന്ത്രി മനോഹർ ലാലിൽ നിന്ന് ഏറ്റുവാങ്ങി.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് , കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് എന്നിവയുടെ സംയുക്ത ശ്രമഫലമായ "മെഗാ ഗ്രീൻ എനർജി പ്രോജക്റ്റ്സ് പവറിംഗ് കൊച്ചി ട്രാൻസ്പോർട്ട് സെക്ടർ" എന്ന പദ്ധതിയിലൂടെ സുസ്ഥിര വളർച്ചയിൽ കൊച്ചി നഗരം കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ചാണ് അവാർഡ്.

ഇന്ത്യയിൽ വായു, കര, റെയിൽ, ജലം എന്നീ നാല് സംഘടിത ഗതാഗത സംവിധാനങ്ങളും ഹരിത ഊർജത്തെ അടിസ്ഥാനമാക്കി സമന്വയത്തോടെ പ്രവർത്തിക്കുന്ന ഏക നഗരമായ കൊച്ചി ഈ മേഖലയിൽ കൈവരിച്ച വളർച്ചയ്ക്ക് അടിവരയിടുന്നതാണ് അവാർഡ്. സംയോജിതവും പരിസ്ഥിതിസൗഹൃദവുമായ നഗരഗതാഗതത്തിന്റെ ദേശീയ മാതൃകയായി കൊച്ചി അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്.

കൊച്ചി മെട്രോ സ്വന്തമായുള്ള ഊർജ്ജാവശ്യങ്ങളുടെ 53 ശതമാനം സൗരോർജ വൈദ്യുതിയിലൂടെ തന്നെയാണ് നിറവേറ്റുന്നതെന്നും 2028ഓടെ ആവശ്യമായ വൈദ്യതി മുഴുവൻ സ്വന്തമായി സൗരോർജത്തിലൂടെ ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യമെന്നും ലോക്നാഥ് ബഹ്റ പറഞ്ഞു. 11.33 മെഗാവാട്ട് വൈദ്യുതിയാണ് സൗരോർജത്തിലൂടെ കൊച്ചി മെട്രോ ഉൽപ്പാദിപ്പിക്കുന്നത്. മെട്രോ സ്റ്റേഷനുകൾക്ക് മുകളിലും ഡിപ്പോ ട്രാക്കുകളിലും മെട്രോ പാതകളിലുമായി ഒരുക്കിയ സോളാർ പാനലുകൾവഴി വർഷംതോറും 13,000 ടണ്ണിലധികം കാർബൺ നിർഗമനം കുറയ്ക്കുന്നു അത് അഞ്ച് ലക്ഷം വൃക്ഷങ്ങൾ നട്ടതിനു തുല്യമാണ്. ഇതിനൊപ്പം, കൊച്ചി മെട്രോയുടെ ഇലക്ട്രിക് ബസുകളും ഇ-ഓട്ടോകളും വാട്ടർ മെട്രോ ഇലക്ട്രിക് ബോട്ടുകളും നഗരത്തിലെ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിയെ കൂടുതൽ ശുദ്ധവും സുരക്ഷിതവും സാമ്പത്തികസൗഹൃദവുമാക്കി മാറ്റുകയാണ്.

പൂർണ്ണമായും സൗരോർജ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യ വിമാനത്താവളമായ സിയാലും ഹരിത ഊർജ വ്യാപനത്തിന് കരുത്തുപകരുന്നു. 55 മെഗാവാട്ട് വൈദ്യുതിയാണ് സോളാർഹൈഡ്രോ സംയോജനത്തിലൂടെ സിയാൽ ഉൽപ്പാദിപ്പിക്കുന്നത്. ഇതിൽ കോഴിക്കോട് അരിപ്പാറയിലെ 4.5 മെഗാവാട്ട് ജലവൈദ്യുത പദ്ധതിയും ഉൾപ്പെടുന്നു. കൊച്ചി മെട്രോയും സിയാലും ചേർന്ന് ഉൽപ്പാദിപ്പിക്കുന്ന 66.33 മെഗാവാട്ട് ഹരിത ഇന്ധനം പ്രതിവർഷം 62,000 ടണ്ണിലധികം കാർബൺ എമിഷനാണ് കുറയ്ക്കുന്നത്.

ഈ ബഹുമതി കൊച്ചിക്കാർക്കുള്ളതാണെന്നും പ്രവർത്തനം തുടങ്ങിയ ആദ്യ നാൾ മുതലേ കൊച്ചി മെട്രോയുടെ ലക്ഷ്യം ആളുകൾക്ക് സുഖകരവും സുരക്ഷിതവുമായ യാത്രാസൗകര്യം ഒരുക്കുന്നതിനൊപ്പം പരിസ്ഥിതിയെ സംരക്ഷിക്കുക എന്നതു കൂടിയായിരുന്നുവെന്നും ലോക് നാഥ് ബെഹ്റ പറഞ്ഞു. കൊച്ചിയെ കൂടുതൽ ശുചിത്വവും കൂടുതൽ ഹരിതവും കൂടുതൽ ഉത്തരവാദിത്തബോധവുമുള്ള കൊച്ചിയാക്കി മാറ്റുന്നതിൽ നഗരവാസികളുടെ കൂട്ടായ പരിശ്രമവും നിതാന്ത ജാഗ്രതയും വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കൊച്ചി മെട്രോ നടപ്പാക്കിയ ഹരിത പ്രവർത്തനങ്ങളിൽ വൻതോതിലുള്ള വൃക്ഷത്തൈ നടീൽ, ട്രെയിൻ ശുചീകരിക്കുന്നതിന്റെ ഭാഗമായി പുറംതള്ളുന്ന വെള്ളത്തിന്റെ 80 ശതമാനം വരെ പുനഃചക്രണം ചെയ്യുന്ന ജലശുദ്ധീകരണ സംവിധാനം, സ്റ്റേഷനുകളിലെ തന്നെ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നിവ പ്രധാനമാണ്.

സിയാൽ സോളാർ പാനലുകളുടെ കീഴിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കുകയും നൈസർഗിക ഭൂപ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് ഭൂമിയുടെ ഉപയോഗക്ഷമതയും ഊർജ്ജോൽപാദനവും വർദ്ധിപ്പിക്കുന്ന തരത്തിൽ പേയന്നൂരിൽ പ്രത്യേക തരം സോളാർ ഇൻസ്റ്റോളേഷനുകൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് എന്നിവയുടെ സംയുക്ത ശ്രമഫലമായ മെഗാ ഗ്രീൻ എനർജി പ്രോജക്റ്റ്സ് പവറിംഗ് കൊച്ചി ട്രാൻസ്പോർട്ട് സെക്ടർ എന്ന പദ്ധതിയിലൂടെ സുസ്ഥിര വളർച്ചയിൽ കൊച്ചി നഗരം കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ചാണ് അവാർഡ്.

# ഇനി അമേരിക്കൻ എൽപിജി ഇന്ത്യയിൽ; വിലയും കുറവ്

**ന്യൂഡൽഹി:** അമേരിക്കയിൽ നിന്ന് പാചകവാതകം (എൽ.പി.ജി) ഇറക്കുമതി ചെയ്യാൻ ഒരുവർഷത്തെ കരാറിൽ ഒപ്പുവച്ച് ഇന്ത്യയുടെ പൊതുമേഖലാ എണ്ണവിതരണ കമ്പനികൾ. ചരിത്രത്തിലാദ്യമാണിതെന്നും ലോകത്തെ ഏറ്റവും വേഗം വളരുന്നതും ഏറ്റവും വലുതുമായ എൽ.പി.ജി വിപണി അമേരിക്കയ്ക്ക് തുറന്നുകൊടുക്കുകയാണെന്നും കേന്ദ്ര പെട്രോളിയം മന്ത്രി ഹർജീപ് സിങ് പുരി എക്സിൽ വ്യക്തമാക്കി.

ഇന്ത്യ എൽ.പി.ജി സ്രോതസ്സുകളെ വൈവിധ്യവൽക്കരിക്കുകയാണെന്നും ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ, തടസ്സമില്ലാതെ എൽപിജി ലഭ്യമാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഇന്ത്യൻ കുടുംബങ്ങൾക്ക്, പ്രത്യേകിച്ച് പ്രധാനമന്ത്രി ഉജ്വല യോജനയുടെ ആനുകൂല്യം നേടുന്ന വനിതകൾക്ക് കുറഞ്ഞ ചെലവിൽ എൽ.പി.ജി ലഭ്യമാക്കാനാണ് ശ്രമമെന്നും മന്ത്രി വ്യക്തമാക്കി. വർഷം 2.2 മില്യൻ ടൺ എൽപിജി വാങ്ങാനാണ് കരാർ. ഇന്ത്യയിലേക്കുള്ള മൊത്തം എൽ.പി.ജി ഇറക്കുമതിയുടെ 10 ശതമാനമാണ് ഇതുപ്രകാരം അമേരിക്കയിൽ നിന്നെത്തുക.

കരാർ ഒപ്പിടുന്നതിന് മുൻപായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (ഐ.ഒ.സി.എൽ), ഭാരത് പെട്രോളിയം (ബി.പി.സി.എൽ), ഹിന്ദുസ്ഥാൻ പെട്രോളിയം (എച്ച്.പി.സി.എൽ) കമ്പനികൾ യുഎസിലെത്തി എണ്ണക്കമ്പനികളുമായി ചർച്ച നടത്തിയിരുന്നു. ഇന്ത്യയും യു.എസും തമ്മിലെ വ്യാപാരക്കരാർ ഈ വർഷം തന്നെ യാഥാർഥ്യമായേക്കുമെന്നാണ് സൂചനകൾ. യു.എസിന്റെ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യാനുള്ള നടപടികൾക്കും ഇന്ത്യൻ കമ്പനികൾ തുടക്കമിട്ടിരുന്നു. ഇതിനു പിന്നാലെയാണ് ഇപ്പോൾ എൽ.പി.ജി ഇറക്കുമതിക്കുള്ള കരാറിലേക്കും ഇന്ത്യൻ കമ്പനികൾ കടന്നത്.

# വിനോദയാത്ര റദ്ദാക്കി; കോളജ് വിദ്യാർഥിക്ക് അഡ്വാൻസ് തുക തിരികെക്കൊടുക്കാത്ത ടൂർ ഓപ്പറേറ്റർക്ക് വൻ തുക പിഴ

**കൊച്ചി:** വിദ്യാർഥികളുടെ വിനോദയാത്ര റദ്ദാക്കിയതിനെ തുടർന്ന് തുക തിരികെ നൽകാത്ത ടൂർ ഓപ്പറേറ്റർക്ക് വൻ തുക പിഴ വിധിച്ച് ഉപഭോക്തൃ തർക്ക പരിഹാര കോടതി. തേവര സേക്രഡ് ഹാർട്ട് കോളജിലെ വിദ്യാർഥികളിൽ നിന്ന് കൈപ്പറ്റിയ മുൻകൂർ തുക തിരികെ നൽകാതിരുന്ന എറണാകുളം കലൂരിലെ സ്ഥാപനത്തിനാണ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി 1.25 ലക്ഷം രൂപ പിഴവിധിച്ചത്.

ബി.എസ്സി ഫിസിക്സ് വിദ്യാർഥിയായ പരാതിക്കാരനും 37 സഹപാഠികളും ബംഗളൂരു-ഗോവ യാത്രയാണ് നിശ്ചയിച്ചിരുന്നത്. 2023 ഫെബ്രുവരി 22 മുതൽ 26 വരെ ഗോവയിലേക്കും ദണ്ഡേലിയിലേക്കും യാത്രപോകാനായിരുന്നു ഇവർ ടൂർ ഓപ്പറേറ്ററെ സമീപിച്ചത്. 41 പേർക്കുള്ള യാത്രാച്ചെലവ് ആകെ 2.07 ലക്ഷം രൂപയായിരുന്നു. അധ്യാപകർക്ക് വാഗ്ദാനം ചെയ്തിരുന്നത് സൗജന്യയാത്രയുമായിരുന്നു. ഇതുപ്രകാരം വിദ്യാർഥി ഒരുലക്ഷം രൂപ മുൻകൂർ അടച്ചു.

എന്നാൽ, റെയിൽവേ ട്രെയിനുകൾ റദ്ദാക്കിയതിനാൽ യാത്ര മുടങ്ങി. ബദൽ ടിക്കറ്റുകളും കിട്ടാതിരുന്നതിനാൽ യാത്ര പൂർണമായും റദ്ദായി. ഇതോടെ മുൻകൂർ അടച്ചതുക വിദ്യാർഥി തിരികെ ആവശ്യപ്പെട്ടു. 2023 ജൂണിൽ തുക തിരികെ നൽകാമെന്ന് ടൂർ ഓപ്പറേറ്റർ സമ്മതിച്ചെങ്കിലും പിന്നീട് ഒഴിഞ്ഞുമാറി. നിരവധി തവണ ആവശ്യപ്പെട്ടിട്ടും തുക നൽകാൻ തയാറായില്ല. ഇതോടെ വിദ്യാർഥി ഉപഭോക്തൃ തർക്ക പരിഹാര കോടതിയെ സമീപിക്കുകയായിരുന്നു.

സേവനം നൽകാത്തതിനാൽ പണം തിരികെ നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടും പാലിക്കാതിരുന്നത് ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ ലംഘനവും അന്യായമായ വ്യാപാര രീതിയാണെന്നും കോടതി നിരീക്ഷിച്ചു. തുടർന്നാണ് വിദ്യാർഥിയിൽനിന്ന് വാങ്ങിയ ഒരുലക്ഷം രൂപയ്ക്ക് പുറമേ പിഴയായി കോടതിച്ചെലവ് ഉൾപ്പെടെ 25,000 രൂപ കൂടി നൽകാൻ ഡി.ബി. ബിനു അധ്യക്ഷനും വി. രാമചന്ദ്രൻ, ടി.എൻ. ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വിധിച്ചത്. 45 ദിവസത്തിനകം തുക തിരികെനൽകാനാണ് ഉത്തരവ്.

# ഗൾഫ് രാഷ്ട്രങ്ങളിലേക്ക് ഇനി ഒറ്റ ടൂറിസ്റ്റ് വിസയിൽ പറക്കാം; ആദ്യം നടപ്പാക്കുക യുഎഇയും ബഹ്റൈനും

**അബുദാബി:** ഏകീകൃത ജിസിസി ടൂറിസ്റ്റ് വിസ (ജിസിസി ഗ്രാൻഡ് ടൂർസ്) അടുത്തമാസം യുഎഇയും ബഹ്റൈനും നടപ്പാക്കും. പരീക്ഷണാർഥം രണ്ടു രാജ്യങ്ങളിൽ നടപ്പാക്കുന്ന പദ്ധതി വിജയിച്ചാൽ മറ്റു ഗൾഫ് രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കും.

ഒറ്റ ടൂറിസ്റ്റ് വിസയിൽ യുഎഇ, സൗദി അറേബ്യ, കുവൈത്ത്, ഖത്തർ, ബഹ്റൈൻ, ഒമാൻ രാജ്യങ്ങൾ സന്ദർശിക്കാമെന്നതാണ് സവിശേഷത. കുവൈത്ത് സിറ്റിയിൽ നടന്ന ആഭ്യന്തര മന്ത്രിമാരുടെ യോഗത്തിലാണ് ജിസിസി സെക്രട്ടറി ജനറൽ ജാസിം അൽ ബുദൈവി ഏകീകൃത വിസ പ്രഖ്യാപിച്ചത്. ഗൾഫ് സഹകരണ കൗൺസിൽ നേരത്തേ അംഗീകാരം നൽകിയിരുന്നു.

പദ്ധതി പൂർണമായി നടപ്പാക്കുന്നതോടെ വിനോദസഞ്ചാരികളുടെ ഒഴുക്ക് വർധിക്കുന്നതിനൊപ്പം വാണിജ്യ, വ്യാപാര സാമ്പത്തിക മേഖലകൾക്കും ശക്തി പകരും.

# ബീറ്റാ ഗ്രൂപ്പിന്റെ നിക്ഷേപം നേടി എലിക്സർ

**തിരുവനന്തപുരം:** കേരള സ്റ്റാർട്ടപ് മിഷനിലെ യുണീക് ഐഡി സ്റ്റാർട്ടപ്പായ എലിക്സർ ജുവൽസിൽ രാജ്യാന്തര കമ്പനിയായ ബീറ്റാ ഗ്രൂപ്പിന്റെ നിക്ഷേപം. ലാബിൽ പ്രത്യേക താപനിലയും മർദവും ഉപയോഗപ്പെടുത്തി വജ്രങ്ങൾ നിർമിച്ചു വിപണിയിലെത്തിക്കുന്ന സ്റ്റാർട്ടപ്പാണിത്. ഖനനം കുറയ്ക്കുന്നതിനും വജ്രം സാധാരണക്കാർക്കു കൂടി ലഭ്യമാക്കുന്നതിനുമുള്ള ബദലാണ് ഈ സാങ്കേതികവിദ്യ. ബീറ്റാ ഗ്രൂപ്പുമായി ചേരുന്നതോടെ ആഗോളവിപണിയിൽ ലാബ് വജ്രത്തെ എത്തിക്കാനാകും.

പി.ആർ.സൈരാജ് സ്ഥാപകനും, മിഥുൻ അജയ്, എം.മുനീർ, രാഹുൽ പച്ചിഗർ എന്നിവർ സഹസ്ഥാപകരുമായ എലിക്സർ കേരളത്തിൽ ആരംഭിച്ച് മുംബൈയിലും സൂറത്തിലുമായാണു പ്രവർത്തിക്കുന്നത്. ഇന്റർനാഷനൽ ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ഐജിഐ), ജെമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമേരിക്ക(ജിഐഎ), സോളിറ്റയർ ജെമോളൊജിക്കൽ ലബോറട്ടറീസ്(എസ്ജിഎൽ) എന്നിവയുടെ സർട്ടിഫിക്കേഷനുള്ളതാണ് എലിക്സറിന്റെ വജ്രങ്ങൾ.




# റോഡ് സുരക്ഷ: റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ സൈക്ലത്തോൺ സംഘടിപ്പിച്ചു

**കൊച്ചി:** റോഡ് സുരക്ഷ എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യമുയർത്തി റോട്ടറി കൊച്ചിൻ ഇന്റർനാഷണലും ക്ലാസിക് ഹോംസും ഡെക്കാത്തലോണുമായി സഹകരിച്ച് സൈക്ലത്തോൺ സംഘടിപ്പിച്ചു.

കളമശേരി ഡെക്കാത്തലൺ നിന്ന് ആരംഭിച്ച 50 കിലോമീറ്റർ സൈക്കിൾ റൈഡ് ടോം ജോസഫും ആർ.ടി .ഒ സുരേഷ് കുമാറും, 10 കിലോമീറ്റർ മാരത്തോൺ ഫ്ളാഗ് ഓഫ് റൊട്ടേറിയൻ നോബിയും ആർ.ടി.ഒ ബിജു ഐസക്കും, 5 കിലോമീറ്റർ ഓട്ടത്തിന്റെ ഫ് ളാഗ് ഓഫ് എം .വി .ഐ വിനോദ് കുമാറും റൊട്ടേറിയൻ സുധിൻ വെള്ളങ്ങാടനും ഇന്ത്യൻ അത്ലറ്റ് ഹിരൺ കുമാറും ചേർന്ന് നിർവഹിച്ചു.

റോഡപകടങ്ങളിൽ മരിച്ചവർക്ക് ആദരാഞ്ജലി അർപ്പിച്ച് ആരംഭിച്ച ചടങ്ങിൽ ഡിസ്ട്രിക്ട് ഗവർണർ ഡോ.ജി. എൻ രമേശ് വീഡിയോ സന്ദേശം നൽകി.സമാപന സമ്മേളനത്തിൽ ലെറ്റ് ഗോ റോഡ് സേഫ്റ്റി, മൈ റെസ്പോൺസിബിലിറ്റി ക്യാമ്പയിന്റെ ഉദ്ഘാടനവും ചാമ്പ്യൻസ് ട്രോഫി വിതരണവും സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ നിർവഹിച്ചു. റോഡ് പൊതു ഇടമാണെന്നും ഓരോരുത്തരും സ്വയം തയ്യാറായാൽ മാത്രമേ സുരക്ഷിത യാത്ര സാധ്യമാകൂ വെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് പൊലീസ് സേനക്ക് റോട്ടറി നൽകുന്ന 5 ഇലക്ട്രിക് സ്കൂട്ടറുകൾ കമ്മീഷണർക്ക് ആർ.സി .ഐ പ്രസിഡന്റ് പി.മനോജ് കുമാർ കൈമാറി. ഗതാഗത കമ്മിഷണർ നാഗരാജു ചക്കിലം തൽസമയ വീഡിയോ സന്ദേശം നൽകി. എസ്.പി ആന്റ് കമാന്റന്റ് പീറ്റർ ജാക്സൺ, ജോൺ വാൾട്ടർ, ആർ.ടി.ഒ ബിജു ഐസക് എന്നിവർ ചേർന്ന് സമ്മാന വിതരണം നടത്തി. സൈക്ലോതോൺ ചെയർമാൻ റൊട്ടേറിയൻ ചന്ദ്രശേഖരൻ നന്ദി പറഞ്ഞു.

# ആക്സിസ് ബാങ്ക് ഇവോൾവ്: പത്താം പതിപ്പ് സംഘടിപ്പിച്ചു

**കോഴിക്കോട് :** രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക്, സുക്ഷ്മ ചെറുകിട ഇടത്തം സംരംഭങ്ങളെ(എംഎസ്എംഇ) ശാക്തീകരിക്കുന്നതിനായി തങ്ങളുടെ വിജ്ഞാന പരമ്പരയായ ഇവോൾവിന്റെ പത്താം പതിപ്പ് കോഴിക്കോട്ട് സംഘടിപ്പിച്ചു. 10 ട്രില്യൻ ഡോളർ(10 ലക്ഷം കോടി ) സമ്പദ്വ്യവസ്ഥയ്ക്ക് ഊർജ്ജം പകരുന്ന എംഎസ്എംഇകൾ' എന്ന പ്രമേയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ആക്സിസ് ബാങ്കിന്റെ കൊമേഴ്ഷ്യൽ ബാങ്കിങ് കവറേജ് ഗ്രൂപ്പ് (സിബിജി) പ്രസിഡന്റും മേധാവിയുമായ വിജയ് ഷെട്ടി, ട്രഷറി മാർക്കറ്റ് സെയിൽസ് മേധാവി ബ്രജേഷ് ചാലിൽ എന്നിവർ എംഎസ്എംഇ ഇക്കോസിസ്റ്റത്തെക്കുറിച്ചും എംഎസ്എംഇ കളിൽ ആക്സിസ് ബാങ്കിന്റെ ശ്രദ്ധയെക്കുറിച്ചും അവതരണം നടത്തി. തുടർന്ന്, ഹൈലൈറ്റ് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ്, ഫെറോക്ക് ബോർഡ്സ് എംഡി, എം.എ.അഷ്റഫ് എന്നിവർ പങ്കെടുത്ത ആഗോള വിപണി കാഴ്ചപ്പാടിനെക്കുറിച്ചുള്ള പാനൽ ചർച്ചയും നടന്നു. സംരംഭകർ, വ്യവസായ പ്രമുഖർ, നയതന്ത്ര വിദഗ്ധർ, 103ൽ അധികം എംഎസ്എംഇ പ്രൊമോട്ടർമാരും സ്ഥാപകരും സമ്മേളനത്തിൽ പങ്കെടുത്തു.

## എംആർഎഫിന് 7% വരുമാന വർധന

**ചെന്നൈ:** ടയർ നിർമാതാക്കളായ എംആർഎഫിന്റെ വരുമാനം സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 7% വർധിച്ച് 7,487 കോടി രൂപയായി. ഓഹരിക്ക് 3 രൂപ വീതം ഇടക്കാല ലാഭവിഹിതവും ഡയറക്ടർ ബോർഡ് പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 6,994 കോടിയായിരുന്നു വരുമാനം. 699 കോടി രൂപയാണു നികുതിക്കു മുൻപുള്ള ഏകീകൃത ലാഭം. നികുതിക്കു ശേഷം അറ്റാദായം 526 കോടി രൂപയായി. കഴിഞ്ഞ വർഷം ഇത് 471 കോടി രൂപയായിരുന്നു. കമ്പനിയുടെ പ്രകടനം മികച്ചതാണെന്നും അസംസ്കൃത വസ്തുക്കളുടെ വിലയിലെ ഇടിവ് ലാഭം കൂടാൻ കാരണമായതായും കമ്പനി അറിയിച്ചു. വിൽപനയും കയറ്റുമതിയും മികച്ച വളർച്ച രേഖപ്പെടുത്തിയതിനൊപ്പം ജിഎസ്ടി കുറച്ചതും ഗുണമായി.









RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com